**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2727** **03-08-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് പ്ലേഗ് പുഴുവിന്റെ സാന്നിദ്ധ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷികവിളകളുടെ നിലനിൽപ്പിന് ഭീഷണിയുയർത്തുന്ന പ്ലേഗ് പുഴുവിന്റെ സാന്നിധ്യം സംസ്ഥാനത്ത് കണ്ടെത്തുകയുണ്ടായോ; | (എ) | കണ്ടെത്തിയിട്ടുണ്ട് |
| (ബി) | ഇത് വളരെ വേഗത്തിൽ പടർന്നു പിടിക്കുന്ന ഒരു കീടബാധയാണോ; എങ്കിൽ വാഴ, പച്ചക്കറികൾ തുടങ്ങിയ വിളകൾക്ക് ഇത് കടുത്ത ഭീഷണി ഉയർത്തുമെന്ന് കരുതുന്നുണ്ടോ; | (ബി) | പ്ലേഗ് പുഴു വളരെ പെട്ടെന്ന് പെറ്റുപെരുകുമെങ്കിലും അവ വളരെപ്പെട്ടെന്നുതന്നെ നശിച്ചു പോകുന്നവയുമാണ്. വാഴ, പച്ചക്കറി, കപ്പ, ചേന, കളകൾ എന്നിങ്ങനെ വിവിധതരം സസ്യങ്ങളെ ഇവ ആക്രമിക്കുന്നുണ്ട്. പക്ഷേ ഒരൊറ്റ തലമുറയോടു കൂടി ഇവ നശിച്ച് പോകുന്നതായിട്ടാണ് കണ്ടിട്ടുള്ളത്. അതുകൊണ്ട് തന്നെ ഇവ വിളകൾക്ക് വലിയ ഭീഷണിയുയർത്തുന്നില്ല. |
| (സി) | പ്രസ്തുത കീടബാധ നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; ഇത് പടർന്നുപിടിക്കുന്നത് തടയുന്നതിനും നിയന്ത്രിക്കുന്നതിനും എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ? | (സി) | എറണാകുളം ജില്ലയിലെ പൂതൃക്ക പഞ്ചായത്തിലാണ് ഈ പുഴുവിന്റെ സാന്നിദ്ധ്യം ആദ്യമായി കണ്ടെത്തുന്നത്. പുഴുവിനെ കണ്ട സ്ഥലങ്ങളിലെല്ലാംതന്നെ പുഴുക്കളെ പ്രകൃത്യാ തന്നെ നശിപ്പിക്കുന്ന വൈറസിനെയും കണ്ടെത്തിയിട്ടുണ്ട്. അതുകൊണ്ട് തന്നെ പുഴുക്കൾ വൈറസ് ബാധിച്ച് ചത്തു പോകുന്നുമുണ്ട്. വൈറസ് ബാധ ഉണ്ടായിരുന്നതുകൊണ്ട് തന്നെ പുഴുവിനെ കണ്ട മിക്ക സ്ഥലങ്ങളിലും മറ്റു നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കാതെ തന്നെ പുഴു നശിച്ചുപോകുന്നതായിട്ടാണ് കണ്ടിട്ടുള്ളത്. പക്ഷികളും മറ്റും ഈ പുഴുക്കളെ ധാരാളമായി ഭക്ഷിക്കുന്നുണ്ട്. പുഴുക്കളുടെ എണ്ണം വളരെയധികം കണ്ട പത്തനംതിട്ട ജില്ലയിൽ മാത്രം കാർഷിക സർവ്വകലാശാലയുടെ നിർദ്ദേശ പ്രകാരം ഭക്ഷ്യക്കെണി ഉപയോഗിക്കുകയും അവയെ നിയന്ത്രിക്കുവാനും സാധിച്ചിട്ടുണ്ട്. ജൈവിക നിയന്ത്രണം സാധ്യമാക്കുന്നതിന് വേപ്പധിഷ്ഠിത കീടനാശിനിയായ (അസാഡിറാക്റ്റിൻ 300 ppm) ഫോളിയാർ സ്പ്രേയായി ഉപയോഗിക്കാവുന്നതാണ്. കൂടാതെ ക്ലോറാൻ ട്രാനിലിപ്രോൾ (chlorantraniliprole 18.5 Sc), ഫ്ലൂബൻഡാമൈഡ് |

| | | | |
|---|---|---|---|
| | | | (Flubendiamide 39.35 Sc) എന്നിവയും ഈ കീടബാധയ്ക്കെതിരെ ഇലകളിൽ തളിക്കുന്നതിനായി ഉപയോഗിക്കാവുന്നതാണ് എന്ന് സെൻട്രൽ ഇന്റഗ്രേറ്റഡ് പെസ്റ്റ് മാനേജ്മെന്റ് സെന്റർ (CI PMC) ശുപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ